**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3137** **13-07-2022 - ൽ മറുപടിയ്ക്ക്**

**കാരവൻ ടൂറിസം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കഴിഞ്ഞവർഷം സംസ്ഥാനത്ത് ആഭ്യന്തര ടൂറിസ്റ്റുകളുടെ വരവിൽ വർദ്ധനവുണ്ടായിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; | (എ) | കഴിഞ്ഞ അഞ്ചുവർഷക്കാലം സംസ്ഥാനത്തുണ്ടായ പ്രകൃതിദുരന്തങ്ങളും കോവിഡും ടൂറിസം മേഖലയെ ഗുരുതരമായിട്ടാണ് ബാധിച്ചത്. എന്നാൽ സർക്കാർ നടപ്പാക്കിയ ആസൂത്രിതമായ പ്രവർത്തനങ്ങളുടെ ഫലമായി പ്രയാസങ്ങളെ അതിജീവിച്ച് കേരള ടൂറിസത്തെ വളർച്ചയുടെ പാതയിലേക്ക് തിരികെയെത്തിക്കാൻ കഴിഞ്ഞു.<br><br>2021 കലണ്ടർ വർഷത്തിൽ 2020 നെ അപേക്ഷിച്ച് 2,548,645 ആഭ്യന്തര വിനോദസഞ്ചാരികൾ അധികമായി കേരളം സന്ദർശിച്ചിട്ടുണ്ട്.<br><br>2022 മാർച്ച് വരെയുള്ള ആദ്യപാദത്തെ സ്ഥിതി വിവര കണക്കുകൾ പ്രകാരം, 2021 മാർച്ച് വരെയുള്ളതിനേക്കാൾ 1,594,624 ആഭ്യന്തര വിനോദസഞ്ചാരികൾ അധികമായി കേരളം സന്ദർശിച്ചിട്ടുണ്ട്. ഈ കാലയളവിൽ ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണത്തിൽ 72.48% വളർച്ച കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്.<br><br>ഈ വർഷത്തെ ആദ്യ മൂന്ന് മാസത്തെ സ്ഥിതിവിവരക്കണക്ക് പ്രകാരം 72.48% വളർച്ചയാണ് ആഭ്യന്തര സഞ്ചാരികളുടെ കാര്യത്തിൽ ഉണ്ടായത്. 38 ലക്ഷം ആഭ്യന്തര സഞ്ചാരികളെ ഈ കാലയളവിൽ ആകർഷിക്കാൻ കഴിഞ്ഞു. എറണാകുളം ജില്ലയാണ് വിനോദ സഞ്ചാരികളുടെ എണ്ണത്തിൽ ഒന്നാമത്. മുൻവർഷത്തെ അപേക്ഷിച്ച് 16 ലക്ഷം സഞ്ചാരികളാണ് ഈ വർഷത്തെ ആദ്യപാദത്തിൽ വർദ്ധിച്ചത്. വിദേശ വിനോദസഞ്ചാരികളുടെ എണ്ണത്തിൽ കഴിഞ്ഞ വർഷത്തെ ആദ്യ പാദത്തെ അപേക്ഷിച്ച് 200.55% വർദ്ധനയാണുള്ളത്. 43547 വിദേശ വിനോദസഞ്ചാരികളാണ് ഈ കാലയളവിൽ |

| | | | |
|---|---|---|---|
| | | | സംസ്ഥാനത്ത് എത്തിയത്. കഴിഞ്ഞ കാലങ്ങളിൽ അനുഭവപ്പെട്ട പ്രയാസങ്ങളെ മറികടന്ന്, നേട്ടങ്ങളുടേതാകും ഈ വർഷം എന്നാണ് പ്രതീക്ഷിക്കുന്നത്. കഴിഞ്ഞ ഏതാനും മാസങ്ങളായി നടത്തിവരുന്ന 360 ഡിഗ്രി പ്രചാരണത്തിന്റെ പ്രതിഫലനമാണ് വിനോദസഞ്ചാരികളുടെ എണ്ണത്തിലുണ്ടായ വർദ്ധനവ് എന്നാണ് കരുതുന്നത്<br><br>2022 ആദ്യപാദത്തിൽ പത്തനംതിട്ട, ഇടുക്കി, മലപ്പുറം, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിൽ കേരള സംസ്ഥാനം രൂപീകൃതമായതിനു ശേഷമുള്ള ഏറ്റവും ഉയർന്ന ആഭ്യന്തര വിനോദസഞ്ചാരികളുടെ വരവാണ് രേഖപ്പെടുത്തിയിരിക്കുന്നത്. |
| (ബി) | കാരവൻ ടൂറിസം പദ്ധതിയിൽ സ്വകാര്യ മേഖലയിൽ നിന്നും ഇതുവരെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും അപേക്ഷകരിൽ എത്ര പേർക്ക് അനുമതി നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ? | (ബി) | കോവിഡാനന്തരം കേരളത്തിലെ ടൂറിസം മേഖലയിൽ ഒരു കുതിച്ചുചാട്ടമുണ്ടാക്കാൻ ടൂറിസം വകുപ്പ് നടപ്പിലാക്കിയ നവീന പദ്ധതിയാണ് കാരവൻ ടൂറിസം.<br><br>കാരവനുകളിൽ സഞ്ചരിച്ച് വിനോദസഞ്ചാരികൾക്ക്, തങ്ങൾക്ക് പ്രിയപ്പെട്ടതും അതോടൊപ്പം ഇതേവരെ അറിയപ്പെടാത്തതുമായ വിനോദസഞ്ചാര കേന്ദ്രങ്ങളിലേയ്ക്ക് യാത്ര ചെയ്യാനും, കേരളത്തിന്റെ മനോഹരമായ പ്രകൃതി ഭംഗി ആസ്വദിക്കാനും, യാത്രാനുഭവം നുകരാനും ഈ പദ്ധതി മുഖേന സാധിക്കും. പകൽ സമയത്ത് സഞ്ചരിക്കുവാനും രാത്രികാലങ്ങളിൽ താമസിക്കുവാനും വേണ്ട എല്ലാ വിധ അത്യാധുനിക സൗകര്യങ്ങളോടെയുമാണ് കാരവനുകൾ സജ്ജീകരിച്ചിരിക്കുന്നത്.<br><br>ദ്രുതഗതിയിലുള്ള സാമ്പത്തിക വളർച്ച, തൊഴിലവസരങ്ങൾ, പ്രാദേശിക വികസനം തുടങ്ങി സുസ്ഥിരമായ നിരവധി അവസരങ്ങൾ കാരവൻ പാർക്കുകളിലൂടെ സാധ്യമാകും. ഇതിനകം തന്നെ പത്ത് കാരവനുകൾ വിനോദസഞ്ചാരികൾക്കായി സർവ്വീസ് തുടങ്ങുകയും വാഗമണിൽ ഒരു പാർക്ക് കമ്മീഷൻ ചെയ്യുകയും അഞ്ച് പാർക്കിന്റെ പണി പുരോഗമിക്കുകയും ഏകദേശം 25 കാരവനുകളുടെ നിർമ്മാണം നടന്നുവരികയും ചെയ്യുന്നു. കൂടുതൽ കാരവനുകളെ സംസ്ഥാനത്തേയ്ക്ക് ആകർഷിക്കാൻ പ്രത്യേക സബ് സിഡിയും ഏർപ്പെടുത്തിയിട്ടുണ്ട്.<br><br>കാരവൻ ടൂറിസത്തിന്റെ ഭാഗമായി സംസ്ഥാനത്ത് പുതുതായി 150 കാരവൻ പാർക്കുകൾ ആരംഭിക്കാൻ വേണ്ടി സ്വകാര്യമേഖലയിലെ സംരംഭകർ മുന്നോട്ട് വന്നിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | കാരവൻ ടൂറിസം പദ്ധതിയിലൂടെ സംസ്ഥാനത്ത് വിവിധ തലങ്ങളിലുള്ള വികസനം സർക്കാർ ലക്ഷ്യമിടുന്നു.<br>1. ടൂറിസം മേഖലയുടെ സമഗ്രവികസനം സാധ്യമാക്കുക.<br>2. കേരളത്തിലെ unexplored ആയ destination കൾ സഞ്ചാരികൾക്ക് അനുഭവവേദ്യമാക്കുക.<br>3. നിലവിൽ താരതമ്യേന താമസസൗകര്യങ്ങൾ കുറഞ്ഞ കേന്ദ്രങ്ങളിൽ സഞ്ചാരികളുടെ വരവ് ഉയർത്തുക.<br>4. വിവിധ ജനസമൂഹങ്ങൾക്കു കൂടി പ്രയോജനകരമാകുന്ന വിധത്തിൽ ഉത്തരവാദ ടൂറിസം വികസനം നടപ്പിലാക്കുക.<br>5. തദ്ദേശവാസികൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക.<br>6. തദ്ദേശീയമായ കലാ സാംസ്കാരിക പൈതൃകം സഞ്ചാരികൾക്ക് അനുഭവവേദ്യമാക്കുക.<br>7. ടൂറിസം മേഖലയിൽ കൂടുതൽ നിക്ഷേപം ആകർഷിക്കുക.<br>8. ടൂറിസം മേഖലയെ കൂടുതൽ പരിസ്ഥിതി സൗഹൃദമാക്കുക.<br>കൂടാതെ അഞ്ഞൂറിലധികം കാരവനുകൾ വാങ്ങാനുള്ള താൽപ്പര്യം കേരളത്തിലെ സ്വകാര്യമേഖല പ്രകടിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ